## കോളേജ് ഓഫ് എഞ്ചിനീയറിംഗ് ചെങ്ങന്നൂർ

നം. ഡി2/866/2025 തീയതി: 03.12.25

### ക്വട്ടേഷൻ നോട്ടീസ് നമ്പർ 14/2025-26

ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിന്റെ ഒന്നാം നിലയിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കഫ്റ്റീരിയ നടത്തുവാൻ താല്പര്യമുള്ളവരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. 18.12.25 ഉച്ചയ്ക്ക് 1.00 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 2.00 മണിക്ക് ക്വട്ടേഷനുകൾ ഓഫീസിൽ വച്ച് തദവസരത്തിൽ സന്നിഹിതരായുള്ളവരുടെ സാന്നിധ്യത്തിൽ പൊട്ടിക്കുന്നതും ശേഷം കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം കരാർ ഉറപ്പിച്ചു കൊടുക്കുന്നതുമാണ്. ക്വട്ടേഷൻ ഫോം ഓഫീസിലും കോളേജ് വെബ്സൈറ്റിലും ലഭിക്കും.

**നിബന്ധനകൾ**

1. കരാർ ലഭിക്കുന്നയാൾ കരാർ ലഭിച്ച ഉടൻ കരുതൽ ധനമായി 1,00,000/- രൂപ ഓഫീസിൽ അടച്ചിരിക്കണം.

2. കഫ്റ്റീരിയക്ക് വേണ്ടി വിട്ടു തരുന്ന സ്ഥലത്തിനോ, മറ്റ് സാധനങ്ങൾക്കോ യാതൊരുവിധ കേടുപാടുകളോ, രൂപമാറ്റമോ വരുത്തുവാൻ പാടുള്ളതല്ല. മറിച്ച് സംഭവിച്ചാൽ കരുതൽ ധനം മുതൽക്കൂട്ടുകയും സ്ഥാപനത്തിന് വരുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതുമാണ്.

3. കരാറിന്റെ കാലാവധി സാധാരണയായി കരാർ ഒപ്പിടുന്ന തീയതി മുതൽ 11 മാസമായിരിക്കും.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റു റെഗുലേറ്ററി അതോറിറ്റികളിൽ നിന്നുള്ള ലൈസൻസുകളും കഫ്റ്റീരിയ നടത്തിപ്പിനാവശ്യമായ മറ്റ് അനുമതികളും മുൻപരിചയം ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖയും കരാറുകാരൻ തന്നെ സമ്പാദിക്കേണ്ടതും പ്രസ്തുത രേഖകൾ കൊട്ടേഷനോടൊപ്പം വയ്ക്കേണ്ടതുമാണ്.

5. കഫ്റ്റീരിയ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്.

6. ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരമുള്ള ആഹാര പദാർത്ഥങ്ങൾ മാത്രമേ കഫ്റ്റീരിയയിൽ വിതരണം ചെയ്യുവാൻ പാടുള്ളൂ.

7. കരാർ നീട്ടുവാനോ കാലാവധിക്ക് മുൻപായി കരാറുകാരനെ പിരിച്ചു വിടാനോ പ്രിൻസിപ്പാളിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. പ്രിൻസിപ്പാൾ ചുമതലപ്പെടുത്തുന്ന ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിൽ ആയിരിക്കും കഫ്റ്റീരിയ പ്രവർത്തിക്കുക. കമ്മറ്റിക്ക് ഏത് അവസരത്തിലും കഫ്റ്റീരിയ നടത്തിപ്പും ഭക്ഷണസാധനങ്ങൾ പരിശോധിക്കുവാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

9. വില വിവര പട്ടിക കഫ്റ്റീരിയയിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഭക്ഷണ സാധങ്ങളുടെ വില ഒരു വർഷത്തേക്ക് കൂട്ടാൻ പാടുള്ളതല്ല. വില വർദ്ധനവിനു പ്രിൻസിപ്പാളിന്റെ/ കഫ്റ്റീരിയ കമ്മിറ്റിയുടെ അനുവാദം ആവശ്യമാണ്.

10. കഫ്റ്റീരിയയിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജുകൾ കരാറുകാരൻ തന്നെ അതാത് മാസം കോളേജ് ഓഫീസിൽ അടയ്ക്കേണ്ടതാണ്.

11. കഫ്റ്റീരിയയുടെ പ്രവർത്തനം കോളേജ് പ്രവർത്തി ദിവസങ്ങൾ മാത്രമായിരിക്കുന്നതും എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 8.00 മുതൽ വൈകിട്ട് 5.30 വരെ ആയിരിക്കേണ്ടതുമാണ്. അവധി ദിവസങ്ങളിലും മേൽ പറഞ്ഞിരിക്കുന്ന സമയത്തിന് മുൻപും ശേഷവും പ്രിൻസിപ്പൽ പറയുന്നത് അനുസരിച്ച് കഫ്റ്റീരിയ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

12. പ്രിൻസിപ്പാളിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ കഫ്റ്റീരിയയുടെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ പാടുള്ളതല്ല.

13. കഫ്റ്റീരിയ കമ്മിറ്റിയുടെ അനുമതി കൂടാതെ കഫ്റ്റീരിയയിലെ ഭക്ഷ്യവസ്തുക്കളോ മറ്റു സാധനങ്ങളോ ക്യാമ്പസിന് പുറത്തേക്ക് വിനിമയം ചെയ്യാൻ പാടുള്ളതല്ല.

14. പ്ലാസ്റ്റിക് സാധനങ്ങൾ തരം തിരിച്ച് സൂക്ഷിച്ചു വെച്ച് ഹരിത കർമ്മ സേനയെ ഏൽപ്പിക്കേണ്ടതും കത്തിക്കാവുന്ന സാധന അവശിഷ്ടം ഇൻസിനറേറ്റർ കത്തിക്കേണ്ടതുമാണ്. പ്ലാസ്റ്റിക് സാധനങ്ങളുടെ ഉപയോഗം പരമാവധി കുറക്കേണ്ടതാണ്

15. കഫ്റ്റീരിയ നടത്തിപ്പുമായി ബന്ധപ്പെട്ട നികുതികൾ അടയ്ക്കേണ്ടതിന്റെയും പഞ്ചായത്ത്/fssai നിബന്ധനകൾ പാലിക്കേണ്ടതിന്റെയും ഉത്തരവാദിത്വം കഫ്റ്റീരിയ നടത്തിപ്പുകാരൻ ആയിരിക്കും.

16. കഫ്റ്റീരിയ നടത്തുന്നയാൾ തന്നെ ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടതാണ് (പരമാവധി 2 പേര്).

17. ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്.

18. കഫ്റ്റീരിയ ജീവനക്കാരുടെ നിയമനം, അവരുടെ സേവന വേതന വ്യവസ്ഥകൾ തുടങ്ങിയ മുഴുവൻ കാര്യങ്ങളും പ്രസ്തുത വ്യക്തിയുടെ ഉത്തരവാദിത്വത്തിലുള്ളതും കോളേജിന് ഇക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ലാത്തതും ആകുന്നു.

19. ഭക്ഷണ സാധനങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ യാതൊന്നും ചേർക്കാൻ പാടില്ലാത്തതും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കേണ്ടതുമാണ്.

20. ലഹരി ഉത്പന്നങ്ങൾ ഉപയോഗിക്കുവാനോ, വിൽപ്പന നടത്തുവാനോ, പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല.

21. ഭക്ഷണപാനീയങ്ങൾക്ക് ഫിൽറ്റർ ചെയ്ത വെള്ളം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു

COLLEGE OF ENGINEERING CHENGANNUR ALAPPUZHA DIST. KERALA-689 121

പ്രിൻസിപ്പാൾ